**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2456** **17-03-2022 - ൽ മറുപടിയ്ക്ക്**

**ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | null<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിയമസഭാ മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ? | (എ) | ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിയമസഭാ മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ 04.08.2018 ലെ സ.ഉ. (അച്ചടി) നം.119/2018/ധന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. എം.എൽ.എ.മാർ സമർപ്പിക്കുന്ന ശുപാർശകളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ തന്നെ ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതും ആവശ്യമായ പദ്ധതിരേഖകൾ (DPR) തയ്യാറാക്കുന്നതിനായി ആയത് അധികാരപ്പെട്ട ഉദ്യോഗസ്ഥന് അയയ്ക്കേണ്ടതുമാണ്. ശുപാർശ ചെയ്ത പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, അവ കെട്ടിടം, പാലം എന്നിവയുടെ നിർമ്മാണമാണെങ്കിൽ രണ്ട് മാസത്തിനകവും മറ്റ് പ്രവൃത്തികളാണെങ്കിൽ ഒരു മാസത്തിനകവും ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർ/ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ/അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ എന്നിവർ അവരവരുടെ ഡെലിഗേഷൻ അനുസരിച്ച് തയ്യാറാക്കേണ്ടതാണ്. മാനദണ്ഡങ്ങൾക്ക് വിധേയമായി, എല്ലാ അനുബന്ധരേഖകളും സഹിതം കളക്ടർമാർക്ക് ലഭ്യമാകുന്ന ശുപാർശകൾക്ക് ഒരാഴ്ചക്കകം ഭരണാനുമതി നൽകേണ്ടതും ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.മാർക്ക് നൽകേണ്ടതുമാണ്. ഭരണാനുമതി ലഭിച്ച പ്രവൃത്തികൾക്ക് അടുത്ത 14 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകേണ്ടതാണ്. പ്രവൃത്തികളുടെ സിവിൽ, ഇലക്ട്രിക്കൽ ഘടകങ്ങൾക്കുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ഒരുമിച്ച് നൽകേണ്ടതാണ്. ഇ-ടെണ്ടർ നടപടികൾ ഒരു മാസത്തിനകം പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ബഹു. എം.എൽ.എ.മാരെ |

| | | | |
|---|---|---|---|
| | | | രേഖാമൂലം അറിയിക്കേണ്ടതുമാണ്. 09/09/2021 തീയതിയിലെ സ.ഉ.(അച്ചടി) നം.124/2021/ധന പ്രകാരം, സിവിൽ വർക്കുകൾക്ക് ഭരണാനുമതി സാധുത കാലയളവ് 3 വർഷം ആണ്. ഭരണാനുമതി പുറപ്പെടുവിക്കുന്ന പ്രവൃത്തികളുടെ നടപടി ക്രമങ്ങൾ ഭരണാനുമതി പുറപ്പെടുവിച്ച തീയതി മുതൽ 3 വർഷത്തിനകം ആരംഭിച്ചിട്ടില്ലെങ്കിൽ ആയവയ്ക്കായി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. സമയബന്ധിതമായി പ്രവൃത്തികൾക്കുള്ള ശുപാർശകൾ സമർപ്പിക്കാത്ത എം.എൽ.എ മാർക്ക് പ്രസ്തുത വിവരം ശ്രദ്ധയിൽപ്പെടുത്തുന്നതിനായി കത്ത് അയയ്ക്കേണ്ടതാണ് തുടങ്ങിയ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ